"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - അച്ചടിവകുപ്പിൽ ഇലക്‌ട്രീഷ്യൻ തസ്തികയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ റജി ജി. യുടെ മകൾ കുമാരി റിയ റജി ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ചുനൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/PPAD   തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-

1. 24.05.1999 തീയതിയിലെ G.O.(P)No.12/99/P&ARD നമ്പർ ഉത്തരവ്
2. 20.08.2024 തീയതിയിലെ G.O.(MS)No.104/04/H.Edn നമ്പർ ഉത്തരവ്
3. 08.02.2006 തീയതിയിലെ G.O.(Rt)No.291/2006/H.Edn നമ്പർ ഉത്തരവ്
4. 29.03.2025 തീയതിയിലെ സ.ഉ.(പി)നം.4/2025/പി&എആർഡി നമ്പർ ഉത്തരവ്
5. അച്ചടി വകുപ്പ് ഡയറക്ടറുടെ 02.04.2025, 09.10.2025 തീയതികളിലെ PTGD/2824/2023-E3 നമ്പർ കത്ത്
6. കുമാരി റിയ റജി 14.11.2024 തീയതിയായി സമർപ്പിച്ചിട്ടുള്ള അപേക്ഷ

**<u>ഉത്തരവ്</u>**

അച്ചടിവകുപ്പിൽ ഇലക്‌ട്രീഷ്യൻ തസ്തികയിൽ സേവനത്തിലിരിക്കവെ 02.04.2002 ൽ മരണമടഞ്ഞിട്ടുള്ള റജി ജി. യുടെ ഭാര്യയായ ശ്രീമതി ബിൻസി ജോൺ ന് ആശ്രിതനിയമനപദ്ധതിപ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്ചുറൽ സയൻസ്) ആയി വിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട്, ടിയാൾ ജോലിയിൽ പ്രവേശിച്ചില്ലെന്നും, അഗ്രിക്കൾച്ചർ അസിസ്റ്റന്റായി പി.എസ്.സി. മുഖേന നിയമനം ലഭിച്ചുവെന്നും സമാശ്വാസ തൊഴിൽ ദാനപദ്ധതിപ്രകാരമുള്ള നിയമനം ടിയാളുടെ മൈനറായ മകൾക്ക് നൽകണമെന്നും ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു. ശ്രീമതി ബിൻസി ജോൺ ഹൈസ്കൂൾ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്ന് കൊല്ലം

വിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നൽകിയ നിയമന ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും മൈനറായ കുട്ടിക്ക് സമാശ്വാസ തൊഴിൽ ദാനപദ്ധതിപ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനുള്ള വാഗ്ദാനം നൽകാനാവില്ലെന്നും വ്യക്തമാക്കിക്കൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2. തുടർന്ന് റജി ജി. യുടെ മകളായ കുമാരി റിയ റജി പ്രായപൂർത്തിയായതിനുശേഷം സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനത്തിനായി പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തു സമർപ്പിക്കുകയും ചെയ്തു.

3. സമാശ്വാസ തൊഴിൽദാനപദ്ധതി വ്യവസ്ഥകൾ പ്രകാരം മൈനറായിട്ടുള്ളവർ പ്രായപൂർത്തിയായി മൂന്ന് വർഷത്തിനകം സമാശ്വാസ തൊഴിൽദാന പദ്ധതിക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. 16.06.2001 ൽ ജനിച്ചതും ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നതുമായ കുമാരി റിയ റെജിയ്ക്ക് പ്രായപൂർത്തിയാകുന്നത് 15.06.2019 ൽ ആണ്. ആയതിന് ശേഷം 5 വർഷവും 5 മാസത്തിനും ശേഷമാണ് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് 2 വർഷം 5 മാസം കാലതാമസം ഉണ്ടായിട്ടുണ്ട്. കുമാരി റിയ റജി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളാണെന്നും കാര്യങ്ങൾ കൃത്യമായും സമയബന്ധിതമായും ചെയ്യുവാനുള്ള അറിവില്ലായ്മകൊണ്ടുമാണ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കുവാൻ വൈകിയിട്ടുള്ളതെന്നും കാലതാമസം മാപ്പാക്കി ആശ്രിതനിയമനപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അച്ചടിവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടിവകുപ്പിൽ ഇലക്ട്രീഷ്യൻ തസ്തികയിൽ സേവനത്തിലിരിക്കവെ 02.04.2002 ൽ മരണമടഞ്ഞ റജി ജി. യുടെ മകളായ കുമാരി റിയ റജി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളാണ് എന്നത് കണക്കിലെടുത്ത് സമാശ്വാസ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായിട്ടുള്ള 2 വർഷം 5 മാസത്തെ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ ,അച്ചടി വകുപ്പ്,തിരുവനന്തപുരം
2. കുമാരി റിയ റജി, മരുന്തിലഴികത്തു പുത്തൻ വീട്, പനച്ചവിള, ഇടമുളയ്ക്കൽ

**691306,** കൊല്ലം.

3. ജില്ല കളക്ടർ, കൊല്ലം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ )കേരള,തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II) കേരള,തിരുവനന്തപുരം
6. പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം നം : 3477 ,തീയതി 24-12-2025)
7. ഇൻഫർമേഷൻ ഓഫീസർ (വെബ് ആൻഡ് ന്യൂ മീഡിയ),ഐ &പി ആർ ഡി
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 29-12-2025 12:06:09
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2025

ഫയൽ നം. പി.പി.എ.-സി3/19/2025-പി.പി.എ.ഡി. ഇനം നം: 3477

വിഷയം : പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള ആശ്രിതനിയമനം - അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം പരിഹരിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്.

3477

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

***മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്***

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | പി. പി. എ. –C3/19/2025–പി. പി. എ. ഡി |
| 2 | വകുപ്പ് | പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ് |
| 3. | വിഷയം | സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള ആശ്രിതനിയമനം – അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം പരിഹരിച്ചു നൽകുന്നതു സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27/11/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | അല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. രജി കുമാർ ആർ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ. ആർ. ജ്യോതിലാൽ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/12/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/12/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | 21/12/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23/12/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്. | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

അച്ചടി വകുപ്പിന് കീഴിലുള്ള സെൻട്രൽ പ്രിസൺ പ്രസ്സിൽ ഒന്നാം ഗ്രേഡ് ഇലക്ട്രീഷ്യനായി ജോലി ചെയ്തു വരവെ 02.04.2002 ൽ മരണമടഞ്ഞ റജി ജി. യുടെ മകൾ കുമാരി റിയ റജി സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കുമാരി റിയ റജി ആശ്രിത നിയമനത്തിനായി 14.11.2024 തീയതിയായി അപേക്ഷ സമർപ്പിക്കുകയും , അച്ചടിവകുപ്പിൽ ക്ലറിക്കൽ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ കുമാരി റിയ റജി യെ മറ്റ് വകുപ്പുകളിലേയ്ക്ക് നിയമനത്തിനായി പരിഗണിക്കണമെന്ന് അച്ചടിവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കുമാരി റിയ റജി ക്ലറിക്കൽ തസ്തികയിലേയ്ക്ക് നിയമനത്തിനായി നൽകിയിരുന്ന അപേക്ഷയോടൊപ്പം അനുബന്ധം ബി. വയസ്സ് (ജനനതീയതി - 16/06/2001), വിദ്യാഭ്യാസ യോഗ്യത (എസ്.എസ്.എൽ.സി., വി. എച്ച്. എസ്. ഇ), വരുമാനം (കുടുംബവാർഷിക വരുമാനം 89,264/- രൂപയാണ്) എന്നിവ തെളിയിക്കുന്ന രേഖകൾ സമർപ്പിച്ചിട്ടുണ്ട്. റജി ജി യുടെ സർവ്വീസ് സർട്ടിഫിക്കറ്റ് (മരണമടഞ്ഞ റജി ജി യുടെ ജനനതീയതി 30.05.1970 ആണ്. 25.09.1996 ൽ ജോലിയിൽ പ്രവേശിക്കുകയും, 02.04.2002 തീയതിയിൽ മരണമടയുകയും ചെയ്തിട്ടുള്ള ടിയാളുടെ സേവനകാലം 5 വർഷം 6 മാസം 08 ദിവസം ആണ്), മരണ സാക്ഷ്യപത്രം, അനന്തരാവകാശ സാക്ഷ്യപത്രം എന്നിവ സമർപ്പിച്ചിട്ടുണ്ട്. റജി ജി യുടെ അനന്തരാവകാശികളായ മാതാവും പിതാവും മരണമടഞ്ഞിട്ടുള്ളതും, അപേക്ഷകയുടെ മാതാവ് പുനർവിവാഹിതയുമാണെന്ന് വില്ലേജാഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകയുടെ സത്യപ്രസ്താവന, അപേക്ഷകയുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് എന്നീ രേഖകളും സമർപ്പിച്ചിട്ടുണ്ട്.

3) 20.08.2004 തീയതിയിലെ G.O.(Ms)No.104/04/H.Edn പ്രകാരം ശ്രീ റജി.ജി. യുടെ ഭാര്യയായ ശ്രീമതി ബിൻസി ജോൺ – ന് ആശ്രിതനിയമനപദ്ധതിപ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്ചുറൽ സയൻസ്) ആയി വിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് ശ്രീമതി ബിൻസി ജോൺ – ന് അഗ്രിക്കൾച്ചർ അസിസ്റ്റന്റായി പി.എസ്.സി. മുഖേന നിയമനം ലഭിച്ചതിനെ തുടർന്ന് സമാശ്വാസ തൊഴിൽ ദാനപദ്ധതിപ്രകാരമുള്ള നിയമനം ടിയാളുടെ മൈനറായ മകൾ കുമാരി റിയ റജി പ്രായപൂർത്തിയാകുമ്പോൾ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതുപ്രകാരവും ശ്രീമതി ബിൻസി ജോൺ ഹൈസ്കൂൾ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്ന് കൊല്ലം വിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീമതി ബിൻസി ജോൺ ന് സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നൽകിയ നിയമന ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും മൈനറായ കുട്ടിക്ക് സമാശ്വാസ തൊഴിൽ ദാനപദ്ധതിപ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനുള്ള ഉറപ്പ് നൽകാനാവില്ലെന്നും വ്യക്തമാക്കിക്കൊണ്ട് 08.02.2006 ലെ G.O.(Rt)No.291/2006/H.Edn. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) 24.05.1999 ലെ G.O.(P)No.12/99/P&ARD ഉത്തരവ് പ്രകാരം മൈനറായിട്ടുള്ളവർ പ്രായപൂർത്തിയായി മൂന്ന് വർഷത്തിനകം സമാശ്വാസ തൊഴിൽദാന പദ്ധതിക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. സമാശ്വാസ തൊഴിൽ ദാന പദ്ധതി സംബന്ധിച്ചുള്ള എല്ലാ ഉത്തരവുകളും റദ്ദ് ചെയ്തുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 29.03.2025 തീയതി സ.ഉ.(പി)നം.4/2025/പി&എആർഡി ഉത്തരവ് പ്രകാരം ജീവനക്കാരൻ മരണമടയുന്ന തീയതിയിൽ 13 വയസ്സോ അതിന് മുകളിലോ പ്രായമുള്ള ആശ്രിതർക്ക് മാത്രമേ പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ളു 16.06.2001 ൽ ജനിച്ചതും ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നതുമായ കുമാരി റിയ റജിയ്ക്ക് പ്രായപൂർത്തിയാകുന്നത് 15.06.2019 ൽ ആണ്. ആയതിന് ശേഷം 5 വർഷവും 5 മാസത്തിനും ശേഷമാണ് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ഒരുപ്രാവശ്യം നിയമന ഉത്തരവ്

നൽകുകയും ടിയാൾ ജോലിയിൽ പ്രവേശിക്കാതെ പിന്നീട് ടി നിയമന ഉത്തരവ് റദ്ദ് ചെയ്തിട്ടുമുണ്ട്. മേൽ സാഹചര്യങ്ങളിൽ, മരണമടഞ്ഞ റജി ജി. യുടെ ആശ്രിതനിയമനം വീണ്ടും മകളായ കുമാരി റിയ റജിക്ക് നൽകുന്നതിനായുള്ള അപേക്ഷ പരിഗണിക്കുന്നതു സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം നൽകുകയും ചെയ്തിട്ടുണ്ട്.

> *" 24.05.1999 -ലെ GO(P)No.12/1999/P&ARD ഉത്തരവിലെ ഖണ്ഡിക 26, 15/12/2011 ലെ GO(P)37/2011 ഉ.ഭ.പ.വ ഉത്തരവ് എന്നിവ പ്രകാരം ഒരപേക്ഷകന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി സ്വീകരിക്കുന്നതിന് മുൻപ് എപ്പോൾ വേണമെങ്കിലും തന്റെ അപേക്ഷ പിൻവലിക്കുന്നതിനും മറ്റൊരാശ്രിതന് ജോലി സ്വീകരിക്കുന്നതിനും അവകാശമുണ്ട്. അതിന് സമയ പരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഈ കേസിൽ നിലവിലെ അപേക്ഷകയായ കുമാരി റിയ റെജി മേജർ ആകുന്നതിനു മുൻപാണ് ശ്രീമതി ബെൻസി ജോൺ അപേക്ഷ പിൻവലിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ പ്രായപൂർത്തിയായി മൂന്നു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. ആകയാൽ അപേക്ഷ സമർപ്പിക്കുന്നതിൽ രണ്ടു വർഷത്തിലധികം കാലതാമസം ഉണ്ടായിട്ടുണ്ട് അത് മാപ്പാക്കുന്ന വിഷയത്തിലാണ് ഭരണ വകുപ്പ് ആദ്യം തീരുമാനമെടുക്കേണ്ടത്. അപ്രകാരം കാലതാമസം മാപ്പാക്കുന്ന പക്ഷം പുതിയ അപേക്ഷയുടെ സീനിയോറിറ്റി, പുതിയ ആശ്രിതൻ സാധുവായ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ മാത്രമല്ല കുമാരി റിയ റെജി 14.11.2024 -ലെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിരിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് പരേതൻ മരണമടഞ്ഞ് ഒരു വർഷത്തിനുള്ളിൽ ഉള്ളതല്ല. ആയത് പുതുക്കി ലഭ്യമാക്കേണ്ടതുണ്ട്. മേൽ വസ്തുതകൾ ഭരണ വകുപ്പിനെ അറിയിക്കുന്നു."*

5) 16.06.2001 ൽ ജനിച്ച അപേക്ഷകയ്ക്ക് 15.06.2019 ൽ പ്രായപൂർത്തിയായതിനുശേഷം 15.06.2022 നകം അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ടിയാളുടെ അപേക്ഷ തീയതി 14.11.2024 ആണ്. ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷവും 5 മാസവും കാലതാമസം വന്നിട്ടുണ്ട്. റജി ജി. മരണമടഞ്ഞതിനുശേഷം ഒരു വർഷത്തിനകമുള്ള വരുമാന സർട്ടിഫിക്കറ്റ് അപേക്ഷക സമർപ്പിച്ചിട്ടുണ്ട്.

6) കുമാരി റിയ റജി, ഭിന്നശേഷി വിഭാഗത്തിൽ (Psychiatry – Mental retardation (Intellectual disability) – Temporary) പ്പെട്ടയാളാണെന്നും (45% വൈകല്യം) കാര്യങ്ങൾ കൃത്യമായും സമയബന്ധിതമായും ചെയ്യുവാനുള്ള അറിവില്ലായ്മകൊണ്ടുമാണ് അപേക്ഷ സമർപ്പിക്കുവാൻ വൈകിയിതെന്നും ആയത് മാപ്പാക്കി ആശ്രിതനിയമനപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അച്ചടിവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

7) കുമാരി റിയ റജി ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തിയെന്നത് കണക്കിലെടുത്ത് ആശ്രിതനിയമനപദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്ന വിഷയം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## ***<u>തീരുമാനിക്കേണ്ട സംഗതി</u>***

***അച്ചടി വകുപ്പിന് കീഴിലുള്ള സെൻട്രൽ പ്രിസൺ പ്രസ്സിൽ ഒന്നാം ഗ്രേഡ് ഇലക്ട്രീഷ്യനായി ജോലി ചെയ്തു വരവെ 02.04.2002 ൽ മരണമടഞ്ഞ റജി ജി യുടെ മകൾ കുമാരി റിയ റജി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളാണ് എന്നത് കണക്കിലെടുത്ത് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായിട്ടുള്ള 2 വർഷം 5 മാസത്തെ കാലതാമസം മാപ്പാക്കി നൽകാമോ?***